ശ്രീ. കെ. നാരായണക്കുറുപ്പ്: പ്രൈവറ്റു ബസ്സുകളും ആവശ്യപ്പെട്ടിട്ടുണ്ടോ എന്നു ഇപ്പോൾ പറയാൻ നിവൃത്തിയില്ല. ബന്ധപ്പെട്ട ആർ. ടി. ഒ. യുടെ ആഫീസിൽ അന്വേഷിച്ചതിനുശേഷമേ മറുപടി പറയാൻ നിവൃത്തിയുള്ളു.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

ട്രാൻസ്പോർട്ടു ഡിപ്പോകൾ

*409 [421] ശ്രീ. എ. നീലലോഹിതദാസൻനാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെ എത്ര ട്രാൻസ്പോർട്ട് ഡിപ്പോകൾ ഉണ്ട്;

(ബി) ജില്ലാ ഡിപ്പോകൾ എത്ര;

(സി) സബ് ഡിപ്പോകൾ എത്ര;

(ഡി) ഏതെങ്കിലും സബ് ഡിപ്പോകളെ ജില്ലാ ഡിപ്പോകൾ ആക്കുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ഗതാഗത വകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ, ബി, സി) കേരളത്തിൽ ആകെ 34 ട്രാൻസ്പോർട്ടു ഡിപ്പോകൾ ഉണ്ട്. അവയിൽ 19 എണ്ണം ജില്ലാ ഡിപ്പോകളും 15 എണ്ണം സബ് ജില്ലാ ഡിപ്പോകളും ആണ്. ‡(ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്).

(ഡി) പാലാ, ആറ്റിങ്ങൽ, സുൽത്താൻബത്തേരി എന്നീ സബ് ജില്ലകൾ ജില്ലാ ഡിപ്പോകളായി ഉയർത്താനുദ്ദേശമുണ്ട്.

കൊച്ചി—ബോംബെ ട്രാൻസ്പോർട്ട് ബസ്

*410 [422] ശ്രീ. യു. എ. ബീരാൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

കൊച്ചി—ബോംബെ ട്രാൻസ്പോർട്ടു ബസ് ഏർപ്പെടുത്താനുള്ള നിർദ്ദേശം എന്തായി?

ഗതാഗത വകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

നിർദ്ദേശം പരിഗണനയിലിരിക്കുന്നു. വിശദാംശങ്ങൾ മഹാരാഷ്ട്ര, കർണ്ണാടകം കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ടു കോർപ്പറേഷനുകളുമായി ചർച്ച ചെയ്തു തീരുമാനിക്കേണ്ടതായിട്ടാണിരിക്കുന്നത്.

Fee concession to Students belonging to Other Backward Communities

*411 [432] **Sri Stephen Paduva**: Will the Minister for Harijan Welfare and Community Development be pleased to state:

Whether the Government will consider the revision of income limit for granting fee concession to students of other Backward Communities in the Arts and Science Colleges in the State.

Minister of Harijan Welfare and Community Development:

(Sri Damodaran Kalassery):

The matter is under consideration of Government.

‡ അനുബന്ധം II.

LIBRARY ARCHIVES Kerala Legislative Assembly